**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി(ക്ഷീരവികസന) വകുപ്പ് - പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിലുള്ള സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഏഴ് പുതിയ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ക്ഷീരവികസന) വകുപ്പ്**

സ.ഉ.(കൈ)നമ്പർ.3/2021/ഡിഡി തീയതി, തിരുവനന്തപുരം, 04.02.2021

---

പരാമർശം: 1. 09.07.2019 ലെ ജി.ഒ.(അച്ചടി) 81/2019/ധന നമ്പർ ഉത്തരവ്

2. ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ 15.10.2020, 28.10.2020 തീയതികളിലെ ഡി3/20744/2020 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ അടൂർ അമ്മകണ്ടകരയിൽ ഒരു സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രവും, പത്തനംതിട്ട ജില്ലാ ഗുണനിയന്ത്രണ ഓഫീസും പ്രവർത്തിച്ചു വരുന്നതായും, നിലവിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ വകുപ്പിന് പരിശീലന കേന്ദ്രം ഇല്ലാത്തതിനാൽ അമ്മകണ്ടകര സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം വകുപ്പിന്റെ പരിശീലന കേന്ദ്രമായി ഉയർത്തുന്നത് പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ക്ഷീരവികസന പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തുമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടെന്നും, കേവലം 7 ജീവനക്കാരെ നിയമിച്ചുകൊണ്ട് ഇത് പരിശീലന കേന്ദ്രമായി ഉയർത്താവുന്നതാണെന്നും, പരിശീലന പരിപാടികൾക്കാവശ്യമായ ചെലവുകൾ വകുപ്പിന്റെ നിലവിലുള്ള പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുനർവിന്യാസം വഴി തസ്തികകൾ കണ്ടെത്താൻ കഴിയുകയില്ലായെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ അമ്മകണ്ടകര സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം, ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിന് ക്ഷീരവികസന വകുപ്പിന് കീഴിൽ പുതുതായി 7 തസ്തികകൾ സൃഷ്ടിക്കുന്നതിന് വകുപ്പ് ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകര സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിനായി ക്ഷീരവികസന വകുപ്പിൽ പ്രിൻസിപ്പാൾ (ഡെപ്യൂട്ടി ഡയറക്ടർ)-1, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (കോ-ഓപ്പറേഷൻ)-1, ഡയറി എക്സ്റ്റൻഷൻ ഓഫീസർ-2 എന്നീ നാല് സ്ഥിരം തസ്തികകളും ദിവസവേതന അടിസ്ഥാനത്തിൽ ക്ലർക്ക് -1, ഓഫീസ് അറ്റൻഡന്റ് -1, നൈറ്റ് വാച്ചർ -1 എന്നീ മൂന്ന് തസ്തികകളും സൃഷ്ടിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**

**സെക്രട്ടറി**

ഡയറക്ടർ, ക്ഷീരവികസന വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
പൊതുഭരണ (എസ്.സി)വകുപ്പ് (03.02.2021 ലെ ഇനം നം.4575 പ്രകാരം)
ധനകാര്യ വകുപ്പ് (അഗ്രി-എ 2/106/2017-ധന ഫയൽ പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

4952777/2021/DD.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-02-2021

ഫയൽ നം. ഡി1/161/2020/ഡിഡി. ഇനം നം: 4575

വിഷയം : കൃഷി (ക്ഷീരവികസന) വകുപ്പ് - പത്തനംതിട്ട ജില്ലയിൽ അടൂർ അമ്മകണ്ടകരയിലുള്ള സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഏഴ് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, കൃഷി (ക്ഷീരവികസന) വകുപ്പ്.

V. urgent.
4/2
4/2

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡി1/161/2020/ഡിഡി |
| 2. | വകുപ്പ് | : | കൃഷി (ക്ഷീരവികസന) വകുപ്പ് |
| 3. | വിഷയം | : | പത്തനംതിട്ട ജില്ലയിൽ അടൂർ അമ്മകണ്ടകരയിലുള്ള സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ഏഴ് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 12.01.2021 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ?<br>(ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. പ്രകാശ് സി.വി. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ടിങ്കു ബിസ്വാൾ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.02.2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 02.02.2021 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജു |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 02.02.2021 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 02.02.2021 |
| 15. | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | : | 03.02.2021 |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | സ.ഉ.(കൈ) നം.3/2021/ഡിഡി തീയതി 04.02.2021 |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

പത്തനംതിട്ട ജില്ലയിൽ അടൂർ അമ്മകണ്ടകരയിലുള്ള സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിന് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ അടൂർ അമ്മകണ്ടകരയിൽ ഒരു സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രവും, പത്തനംതിട്ട ജില്ലാ ഗുണനിയന്ത്രണ ഓഫീസും പ്രവർത്തിച്ചു വരുന്നതായും, നിലവിൽ പത്തനംതിട്ട, ആലപ്പുഴ ജില്ലകളിൽ വകുപ്പിന് പരിശീലന കേന്ദ്രം ഇല്ലാത്തതിനാൽ അമ്മകണ്ടകര സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം വകുപ്പിന്റെ പരിശീലന കേന്ദ്രമായി ഉയർത്തുന്നത് പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ ക്ഷീരവികസന പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തുമെന്ന് ക്ഷീരവികസന വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പരിശീലന കേന്ദ്രത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുണ്ടെന്നും, കേവലം 7 ജീവനക്കാരെ നിയമിച്ചുകൊണ്ട് ഇത് പരിശീലന കേന്ദ്രമായി ഉയർത്താവുന്നതാണെന്നും, പരിശീലന പരിപാടികൾക്കാവശ്യമായ ചെലവുകൾ വകുപ്പിന്റെ നിലവിലുള്ള പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുനർവിന്യാസം വഴി തസ്തികകൾ കണ്ടെത്താൻ കഴിയുകയില്ലായെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ അമ്മകണ്ടകര സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം, ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിന് ക്ഷീരവികസന വകുപ്പിന് കീഴിൽ പുതുതായി 7 തസ്തികകൾ സൃഷ്ടിക്കുന്നതിന് വകുപ്പ് ഡയറക്ടർ നിർദ്ദേശം സമർപ്പിച്ചു.

3. വിഷയത്തിന്മേൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

'അമ്മകണ്ടകര അടൂർ സാറ്റലൈറ്റ് പരിശീലനകേന്ദ്രം ഡയറി എന്റർപ്രിണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിനായി പ്രിൻസിപ്പൾ-1, സബ്ജെക്ട് മാറ്റർ സ്പെഷ്യലിസ്ററ് (കോപ്പറേഷൻ)- 1, ഡയറി എക്സ്റ്റൻഷൻ ഓഫീസർ -2 എന്നീ നാല് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനും ക്ലർക്ക്-1 , ഓഫീസ് അറ്റൻഡർ-1, നൈറ്റ് വാച്ചർ -1 എന്നീ മൂന്ന് തസ്തികകളിൽ ദിവസവേതനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു .

ഇതിനു ബഹു . ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്.'

4. ധനകാര്യ വകുപ്പ് അംഗീകരിച്ച തസ്തികകളുടെ വാർഷിക സാമ്പത്തിക ബാദ്ധ്യത 39,77,890/- രൂപ (മുപ്പത്തിയൊൻപത് ലക്ഷത്തി എഴുപത്തേഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) ആണ്.

5. ബഹു: മുഖ്യമന്ത്രി ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവിട്ടു.

**തീരുമാനിക്കേണ്ട വിഷയം**

പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകര സാറ്റലൈറ്റ് ക്ഷീരപരിശീലന കേന്ദ്രം ഡയറി എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആയി ഉയർത്തുന്നതിനായി ക്ഷീരവികസന വകുപ്പിൽ പ്രിൻസിപ്പാൾ (ഡെപ്യൂട്ടി ഡയറക്ടർ)-1, സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്ററ് (കോ-ഓപ്പറേഷൻ)-1, ഡയറി എക്സ്റ്റൻഷൻ ഓഫീസർ-2 എന്നീ നാല് സ്ഥിരം തസ്തികകളും ദിവസവേതന അടിസ്ഥാനത്തിൽ ക്ലർക്ക് -1 , ഓഫീസ് അറ്റൻഡന്റ് -1, നൈറ്റ് വാച്ചർ -1 എന്നീ മൂന്ന് തസ്തികകളും സൃഷ്ടിക്കാവുന്നതാണോ ?